**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **01-02-2023 - ൽ മറുപടിയ്ക്ക്**

**ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിലുള്ളവരുടെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരായ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് കാലാനുസൃതമായ പ്രൊമോഷൻ ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ സ്ഥാനക്കയറ്റത്തിനായി നിലവിൽ തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി പട്ടികയിലെ 317 റാങ്ക് വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ 2009, 2010,2011 കാലഘട്ടത്തിൽ പെൻഷൻ പ്രായം ഏകീകരണത്തിന്റെ ഭാഗമായി സൂപ്പർന്യൂമററിയായി നിയമനം ലഭിച്ച ജീവനക്കാർ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ജീവനക്കാരെ സ്ഥിരം തസ്തികയിൽ ആഗിരണം ചെയ്ത തീയതി സംബന്ധിച്ച് ഓഡിറ്റ് തടസ്സവാദം ഉണ്ടായതിനെത്തുടർന്ന് ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് കോടതി വിധിക്ക് വിധേയമായി സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചവരെ സ്ഥിരം ഒഴിവിലേക്ക് ആഗിരണം ചെയ്ത തീയതി മുതൽ റെഗുലറൈസേഷൻ നടത്തി സീനിയോറിറ്റി പുനർ നിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകുകയും അയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പട്ടികയിൽ ഭേദഗതി വരുത്തി സീനിയോറിറ്റി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ